**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1341** **19-09-2025 - ൽ മറുപടിയ്ക്ക്**

**കരിന്തളം ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി രണ്ടു വകുപ്പുകളുടെ ഹയർ എഡ്യുക്കേഷന്റേയും പൊതുമരാമത്ത് വകുപ്പിന്റേയും രണ്ട് ഭരണാനുമതി നൽകിയിട്ടുള്ളതാണ്.<br><br>1. ഹയർ എഡ്യുക്കേഷൻ പ്രവൃത്തി Govt. Arts & Science College Kinanoor Karindalam "Construction of new building for Govt. College Karindalam A.S. No. G.O. (Rt) No. 801/2021/HEDN dtd: 17.06.2021 Amount Rs. 682.00 Lakhs. പ്രസ്തുത പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. നിലവിൽ നിർമ്മാണം Plinth beam level എത്തിയിരിക്കുന്നു. തുടർ പ്രവൃത്തികൾക്കായുള്ള structural design - September മാസം 25-ന് പൊതുമരാമത്ത് ഡിസൈൻ വിംഗിൽ നിന്നും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>2. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തി -Govt. Arts & Science College Kinanoor Karindalam Construction of new building for Govt. College Karindalam A.S. No. G.O. (Rt) No. 1070/2021/PWD TVM dtd: 01.12.2021 amount Rs. 591.00 Lakhs. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ ഏതെങ്കിലും ഒന്നിന്റെ സാങ്കേതിക അനുമതി വൈകിയതിന്റെ പേരിൽ ഭരണാനുമതി കാലാവധി കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കിനാനൂർ കരിന്തളം കോളേജിൽ നടപ്പിലാക്കുന്ന 2 പ്രവർത്തികളുടേയും പേര് ഒന്നായതിനാൽ ഒരു പ്രവൃത്തിയുടെ പേര് മാറ്റുന്നതിനായി CEPWD-KGD/28/2023-A6-PWD, തീയതി: 02.02.2024, 20.10.2024 കത്ത് പ്രകാരം ഈ വകുപ്പിൽ ലഭ്യമാകുകയും ഇ3/197/2024/പൊ.മ.വ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഫയൽ 29.06.2024 തീയതിയിൽ ധനകാര്യ വകുപ്പിന് അഭിപ്രായത്തിനായി നൽകിയിരുന്നു. ധനവകുപ്പ് ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ലഭ്യമാകുന്നതിനായി ഫയൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | കിനാനൂർ കരിന്തളം കോളേജിൽ നടപ്പിലാക്കുന്ന 2 പ്രവർത്തികളുടേയും പേര് ഒന്നായതിനാൽ ഒരു പ്രവൃത്തിയുടെ പേര് മാറ്റുന്നതിനായി CEPWD-KGD/28/2023-A6-PWD, തീയതി: 02.02.2024, 20.10.2024 കത്ത് പ്രകാരം ഈ വകുപ്പിൽ ലഭ്യമാകുകയും ഇ3/197/2024/പൊ.മ.വ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. പ്രസ്തുത ഫയൽ 29.06.2024 തീയതിയിൽ ധനകാര്യ വകുപ്പിന് അഭിപ്രായത്തിനായി നൽകിയിരുന്നു. ധനവകുപ്പ് ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ലഭ്യമാകുന്നതിനായി ഫയൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ